



# Chicago Knanaya Catholic Parish Bulletin

**Sacred Heart Knanaya Catholic Church,** 611 Maple St., Maywood, IL 60153

**St. Mary's Parish Unit,** 5212 W. Agatite Ave, Chicago, IL 60630

**July 5, 2009, Vol. 4, Issue 41**

**All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm**


## Feast of St. Thomas at Sacred Heart & St. Mary's





We will celebrate the feast of St. Thomas the Apostle on Sunday July 5th at 10:00 A.M. at Sacred Heart Knanaya Catholic Church and at 5:30 P.M. at OLV Church for St. Mary's Unit. Bishop of Miao Rt. Rev. Dr. George Palliparambil will be the main celebrant at both churches.

Sponsors at Sacred Heart: Former Parishioners of Kallara St. Thomas Church coordinated by Sabu Madathilparambil. Sponsors at St. Mary's Unit: Former Parishioners of St. Thomas Church Punnathura coordinated by Thomas Kadiyampally

മാർ തോമ്മാശ്ലീഹായുടെ ദുക്റാന തിരുന്നാൾ ജൂലൈ 5 ഞായറാഴ്ച രാവിലെ 10:00ന മേവുഡ് പള്ളിയിലും വൈകുന്നേരം 5:30ന് ഓ.എൽ.വി. പള്ളിയിലും മിയാവു മെത്രാൻ മാർ ജോർജ് പള്ളിപ്പറമ്പിലിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടത്തുന്നതാണ്. മേവുഡിലെ പ്രസുദേന്തിമാർ കല്ലറ സെന്റ് തോമസ് മുൻ ഇടവകാംഗങ്ങളും സെന്റ് മേരീസിലെ പ്രസുദേന്തിമാർ പുന്നത്തുറ സെന്റ് തോമസ് പള്ളിയിലെ മുൻ ഇടവകാംഗങ്ങളുമാണ്. തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത് ദൈവാനുഗ്രഹം പ്രാപിക്കുവാൻ ഏവരെയും ക്ഷണിക്കുന്നു.



Fr. Abraham Mutholath signing the contract to purchase the property with building at Arlington Heights for St. Mary's Knanaya Catholic Church.



Mr. Philip Madathilparambil handing over the first pledge form for monthly contribution to Fr. Abraham Mutholath for the Arlington Heights Project.

## PASTOR / VICAR

**Fr. Abraham Mutholathu Jacob**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For a list of Voluntary Staff / upcoming events, visit:**
***www.knanayaregion.us/chicago/staff.htm***
***www.knanayaregion.us/chicago/calendar.htm***

## HOLY MASS

**SUNDAY 10:00 A.M.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**ENGLISH MASS at 11:30 A.M. during Religious Education School days.**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M.**
**SATURDAY 10:00 A.M.**

## SYRO-MALANKARA MASS

**Third Sundays of the month at 8:30 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

## ADORATION

**ALL: First Fridays after Mass.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

## PRAYER GROUP

**Sundays after 10:00 A.M. Mass.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**First and Third Saturdays after 10:00 A.M. Mass.**

## PARISH VOLUNTEERS' MEETING

**First Friday evenings after Holy Mass.**

**July 2009**

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | 31 | |

## Schedule of Events

**SATURDAY, JULY 4, 2009**
Independence Day
Holy Mass and Novena at Maywood at 10:00 A.M.

**SUNDAY, JULY 5, 2009**
Feast Celebration of St. Thomas at Maywood at 10:00 A.M. Main Celebrant: Bishop George Palliparambil.
Installation of new Volunteers at Maywood after Mass.
Feast Celebration of St. Thomas for St. Mary's Unit at OLV Church at 5:30 P.M. Main Celebrant: Bishop George Palliparambil.
Installation of new Volunteers for St. Mary's after Mass.
Submission of pledge forms for monthly donation in favor of Arlington Project to Bishop George Palliparambil.

**THURSDAY, JULY 9, 2009**
Holy Mass, Novena & Benediction at Community Center at 7:00 P.M.

**FRIDAY, JULY 10, 2009**
Holy Mass at Maywood at 7:00 P.M.

**SATURDAY, JULY 11, 2009**
Holy Mass and Novena at Maywood at 10:00 A.M.

**SUNDAY, JULY 12, 2009**
Holy Mass at 10:00 A.M.
Holy Mass at OLV at 5:30 P.M.

**TUESDAY, JULY 14, 2009**
Feast Day of St. Kuriakose.

**THURSDAY, JULY 16, 2009**
Feast Day of Our Lady of Mount Carmel.
Holy Mass, Novena & Benediction at Community Center at 7:00 P.M.

**FRIDAY, JULY 17, 2009**
Holy Mass and Novena of St. Michael at Maywood at 7:00 P.M.

**SATURDAY, JULY 18, 2009**
Holy Mass and Novena at Maywood at 10:00 A.M.

**SUNDAY, JULY 19, 2009**
കൈത്താക്കലം ആരംഭിക്കുന്നു.
Syro-Malankara Holy Mass at 8:30 A.M.
Holy Mass at 10:00 A.M.
Baptism and Holy Mass at OLV at 5:30 P.M.

**THURSDAY, JULY 23, 2009**
Holy Mass, Novena & Benediction at Community Center at 7:00 P.M.

**FRIDAY, JULY 24, 2009**
Holy Mass at Maywood at 7:00 P.M.
St. James (St. Mary's Unit) Koodarayogam at 8:30 P.M. at the house of Anil Edukkuthara.

**SATURDAY, JULY 25, 2009**
Feast Day of St. Jacob
Holy Mass and Novena at Maywood at 10:00 A.M.

**SUNDAY, JULY 26, 2009**
Feast Celebration of St. Jacob by Jacobs of the parish. Co-ordinator: Jacob Pullappally.
Holy Mass at 10:00 A.M.
Baptism and Holy Mass at OLV at 5:30 P.M.



# വികാരിയുടെ സന്ദേശം

## രണ്ടാമത്തെ പള്ളി സമുദായത്തെ ഭിന്നിപ്പിക്കുമോ?

എന്റെ പ്രിയ സഹോദരങ്ങളേ,

ഭാരത സ്വാതന്ത്ര്യ ദിനമായ ആഗസ്റ്റ് 15ന് നാം പരിശുദ്ധ മാതാവിന്റെ സ്വർഗ്ഗാരോപണ തിരുന്നാൾ ആഘോഷിക്കുമ്പോൾ അമേരിക്കൻ സ്വാതന്ത്ര്യദിനമായ ജൂലൈ 4ന്റെ വാരാന്ത്യത്തിൽ, നമ്മുടെ പൂർവ്വികർക്കു സുവിശേഷ വെളിച്ചം പകർന്ന മാർ തോമ്മാശ്ലീഹായുടെ ദുക്റാന തിരുന്നാൾ ആഘോഷിക്കുന്നു. മാർ തോമ്മാശ്ലീഹാ ഭാരത സഭയിൽ ഏഴര പള്ളികൾ സ്ഥാപിച്ചു. അതായത് എട്ടു ക്രൈസ്തവ കൂട്ടായ്മകളാണ് ഭാരതസഭയിൽ ആവിർഭവിക്കുന്നത്. പ്രാദേശികമായ വിവിധ പള്ളികൾ സഭയെ വിഭജിക്കുകയല്ല, പരിപോഷിപ്പിക്കുകയാണു ചെയ്യുന്നത്.

അപ്പസ്തോലന്മാരും അവരുടെ പിൻഗാമികളുംവഴി കത്തോലിക്കാസഭയിൽതന്നെ പാശ്ചാത്യ ലത്തീൻ സഭ കൂടാതെ 21 വ്യക്തിഗത പൗരസ്ത്യ സഭകളുണ്ട്. ഈ 22 സഭകളും ഒരു പൂങ്കാവനത്തിലെ വ്യത്യസ്ത പൂച്ചെടികൾപോലെ കത്തോലിക്കാ സഭയെ അലങ്കരിക്കുന്നു. കേരള കത്തോലിക്കാ സഭയിൽ പോലും മൂന്നു റീത്തുകളുണ്ടല്ലോ. ഓരോ റീത്തിനും തനതായ ഭരണ സംവിധാനവും ധാരാളം രൂപതകളും, ഓരോ രൂപതയിലും പ്രാദേശികാടിസ്ഥാനത്തിൽ ഇടവകകളും സ്ഥാപിതമായിരിക്കുന്നു. ഇവ സഭയെ പിളർത്തുകയല്ല വളർത്തുകയാണു ചെയ്യുന്നത്.

ഇടവക വലുതാകും തോറും ഇടവക പള്ളിയ്ക്കു പുറമേ ആദ്യം കരിശുപള്ളി (സ്റ്റേഷൻ) സ്ഥാപിച്ച് അജപാലന ശുശ്രൂഷ തുടങ്ങി, ക്രമേണ രണ്ടു ഇടവകകളാകും. വിശ്വാസികളുടെ സൗകര്യത്തിനു മാത്രമല്ല, കൂടുതൽ അജപാലന ശ്രദ്ധ പ്രാദേശികാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനും, അല്മായ നേതൃത്വവും ശുശ്രൂഷാ സൗകര്യവും വർദ്ധിപ്പിക്കുന്നതിനും അതു സഹായിക്കും.

മുൻ കാലങ്ങളിൽ നമ്മുടെ നാട്ടിൽ കൂട്ടുകുടുംബ വ്യവസ്ഥിതി നിലനിന്നിരുന്നു. ഏറ്റം പ്രായമുള്ള കാരണവരുടെ ഭരണത്തിൻ കീഴിൽ അനവധി മക്കളും അവരുടെ ഭാര്യമാരും കൊച്ചു മക്കളും പേരക്കിടാങ്ങളും ഒരു മേൽക്കൂരയ്ക്കു കീഴിൽ കഴിഞ്ഞിരുന്നു. കുടുംബത്തിന്റെ ഐക്യവും ശക്തിയും നിലനിർത്തുന്നതിനായിരുന്ന അതെങ്കിലും, കുടുംബാംഗങ്ങൾ തമ്മിൽ അസ്വസ്ഥതയും കലഹവും അസമാധാനവും സ്വാഭാവികമായിരുന്നു. ആർക്കും ഒന്നും സ്വന്തമെന്നു തോന്നാതിരുന്നതിനാൽ കുടുംബമുതൽ വർദ്ധിപ്പിക്കുന്നതിനോ ചിലവു ചുരുക്കുന്നതിനോ ആർക്കും ഉത്സാഹമില്ലായിരുന്നു.

എന്നാൽ വിവാഹാനന്തരം മക്കളെ മാറ്റി പാർപ്പിക്കുന്ന സമ്പ്രദായം പിന്നീടു നിലവിൽ വന്നു. അപ്പോൾ ഓരോ മക്കളും അത്യുത്സാഹത്തോടെ അദ്ധ്വാനിക്കുവാനും ചിലവു ചുരുക്കുവാനും സമ്പാദിക്കുവനും തുടങ്ങി. അതോടെ കുടുംബങ്ങൾ വളരുവാനും സഹോദരങ്ങളുടെ കുടുംബങ്ങൾ തമ്മിൽ കലഹിക്കാതെ സ്നേഹത്തോടെ വർത്തിക്കുവാനും തുടങ്ങി. ഇതാണ് ഷിക്കാഗോയിലെ ഇടവകയിലും സംഭവിക്കേണ്ടത്.

ആയിരത്തോളം കുടുംബങ്ങൾ വരുന്ന ഷിക്കാഗോയിലെ ക്നാനായക്കാർക്ക് ഒരു പള്ളി പോരാ. കോട്ടയം അതിരൂപതയിൽപോലും ഇത്രയേറെ കുടുംബങ്ങളുള്ള ഇടവകയില്ല. അതിനാൽ നാട്ടിലെ കടുത്തുരുത്തി, ഉഴവൂർ, ചുങ്കം, കൈപ്പുഴ തുടങ്ങിയ ഇടവകകൾ, സമീപ പ്രദേശങ്ങളിൽ പുതിയ പള്ളികൾ സ്ഥാപിക്കുകയും, ക്രമേണ ഇടവക തിരിയുകയും ചെയ്തതുപോലെ നാമും ചെയ്യണം. അതുവഴി സമുദായം വിഭജിക്കപ്പെടുകയല്ല, വളരുകയാണെന്നു നാം മനസ്സിലാക്കണം.

സഭയുടെ അഭ്യുദയകാംക്ഷികളെന്നനിലയിൽ സ്വന്തം "സുവിശേഷ"വുമായി ജനങ്ങളെ വഴിതെറ്റിക്കുന്നവരെക്കുറിച്ച് വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നു: "ക്രിസ്തുവിന്റെ കൃപയിൽ നിങ്ങളെ വിളിച്ചവനെ നിങ്ങൾ ഇത്ര പെട്ടെന്ന് ഉപേക്ഷിക്കുകയും വ്യത്യസ്തമായ ഒരു സുവിശേഷത്തിലേയ്ക്ക് തിരിയുകയും ചെയ്യുന്നതിൽ എനിക്ക് ആശ്ചര്യം തോന്നുന്നു. വാസ്തവത്തിൽ മറ്റൊരു സുവിശേഷമില്ല. എന്നാൽ, നിങ്ങളെ ഉപദ്രവിക്കാനും ക്രിസ്തുവിന്റെ സുവിശേഷത്തെ ദുഷിപ്പിക്കാനും ആഗ്രഹിക്കുന്ന കുറെ ആളുകളുണ്ട്. ഞങ്ങൾ നിങ്ങളോടു പ്രസംഗിച്ചതിൽനിന്നു വ്യത്യസ്തമായ ഒരു സുവിശേഷം ഞങ്ങൾ തന്നെയോ സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതൻ തന്നെയോ നിങ്ങളോടു പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ!" (ഗലാത്തിയർ 1: 6-8). ഇതു നമ്മുടെ ആഗ്രഹമല്ലെങ്കിലും ദൈവിക പദ്ധതിയ്ക്ക് ഇടർച്ച വരുത്തുന്നത് എത്ര ഗൌരവതരമാണെന്നു പൌലോസ് അപ്പസ്തോലന്റെ മേലുദ്ധരിച്ച വചനങ്ങൾ നമുക്കു മുന്നറിയിപ്പു നല്കുന്നു. അപ്പസ്തോല പിൻഗാമികളായി ദൈവം നമുക്കു നിയോഗിച്ച സഭാപിതാക്കന്മാരുമായി ആലോചിച്ച്, സഭാപരമായി എടുത്ത തീരുമാനത്തിനെതിരെ ആരുടെ ഉപദേശവും നിങ്ങൾ ചെവിക്കൊള്ളരുതെന്ന് ദൈവനാമത്തിൽ വിനീതമായി അഭ്യർത്ഥിക്കുന്നു. അങ്ങിനെ ചെയ്താലാണ് നമ്മുടെ സമുദായവും ഇടവകയും ഭിന്നമാകുന്നത്. വി. പൗലോസ് ശ്ലീഹാ തുടർന്നു പറയുന്നതുപോലെ, നാം പ്രസാദിപ്പിക്കേണ്ടത് ദൈവത്തെയല്ലാതെ മനുഷ്യരെയാകരുത്. (ഗലാത്തിയർ 1: 10).

പള്ളി സ്ഥാപിക്കുന്നതിന് ഒരു പറ്റം ആൾക്കാർ ആദ്യം മുന്നോട്ടിറങ്ങിയാലും അത് ഒരു വിഭാഗത്തിന്റെ മാത്രം പള്ളിയാവില്ല. നാട്ടിൽ പോലും പല പള്ളികളും ഏതെങ്കിലും വ്യക്തികളോ കുടുംബക്കാരോ താല്പര്യമെടുത്താണ് സ്ഥാപിച്ചത്. എന്നാൽ ആ പദ്ധതി സഭ ഏറ്റെടുക്കുന്നതോടെ അതു സഭയുടേതാകും. അർലിംഗ്ഡണിലെ പള്ളി സെന്റ് മേരീസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിലുള്ള ഷിക്കാഗോ തിരുഹൃദയ ഇടവകയുടെ പദ്ധതിയാണ്. അതിന് ഇതിനകം 200ലധികം കുടുംബങ്ങളുടെ സാമ്പത്തിക പിന്തുണ ലഭിച്ചു കഴിഞ്ഞു. കൂടുതൽ പേർ സഹകരണം

### നുറുങ്ങുവെട്ടം



ആടുകളുടെ വേഷത്തിൽ വരുന്ന വ്യാജപ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളുവിൻ. ഉള്ളിൽ അവർ കടിച്ചു ചീന്തുന്ന ചെന്നായ്ക്കളാണ്.

(മത്തായി 7:15).

# ഏറെ സാദ്ധ്യതകളുള്ള നമ്മുടെ രണ്ടാമത്തെ പള്ളി



ജോസ് ഐക്കരപ്പറമ്പിൽ (സെന്റ് മേരീസ് ട്രസ്റ്റി)

ഷിക്കാഗോയിലെ രണ്ടാമത്തെ ദൈവാലയത്തിനായി അർലിംഗ്ഡൺ ഹൈറ്റ്സിൽ നോൺപ്രോഫിറ്റ് സോണിങ്ങോടുകൂടിയ മനോഹരമായ ബിൽഡിങ് വാങ്ങുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഷിക്കാഗോയുടെ നോർത്ത് സൈഡിൽ വിലപിടിപ്പുള്ള സിറ്റികളിൽ ഒന്നായ ആർലിംഗ്ഡൺ ഹൈറ്റ്സിൽ, എക്സ്പ്രസ് വേയിൽനിന്നും രണ്ടു മിനിറ്റ് ദൂരെ മാറിയാണ് നിർദ്ദിഷ്ട ബിൽഡിംഗിൽ സ്ഥിതിചെയ്യുന്നത്.

ചെറിയ മോഡിഫിക്കേഷനിലൂടെ ഏതു രീതിയിലും മാറ്റിയെടുക്കാവുന്ന 21,000ലധികം ചതുരശ്ര അടിയിലുള്ള ഒന്നാം നിലയും 5,500 ചതുരശ്ര അടിയിലുള്ള ബേസ്മന്റും അടങ്ങിയതാണ് ഈ കെട്ടിടം. ഒന്നാം നിലയിൽ മനോഹരമായ ഒരു ദൈവാലയവും ഒരു ഹോളും വേർതിരിച്ചെടുക്കുവാൻ സാധിക്കും. ഫിനിഷ് ചെയ്ത, ക്ലാസ് മുറിയായി ഉപയോഗിക്കാവുന്ന 14 ഓഫീസ് മുറികൾ ഈ കെട്ടിടത്തിന്റെ ഇരു വശങ്ങളിലുമുണ്ട്. നിലവിൽ ശുശ്രൂഷ നടന്നുകൊണ്ടിരിക്കുന്ന, 100 പേർക്കിരിക്കാവുന്ന, മോഡിഫിക്കേഷൻ ആവശ്യമില്ലാത്ത ചാപ്പലും, എല്ലാവിധ സൗകര്യങ്ങളുമുള്ള കിച്ചണും, കാഫറ്റീരിയായും ഈ കെട്ടിടത്തിന്റെ പ്രത്യേകതയാണ്. ഭാവിയിൽ ഉയർത്തി പണിയാവുന്ന നടുമുറ്റവും ഈ കെട്ടിടത്തിന്റെ മനോഹാരിത വർദ്ധിപ്പിക്കുന്നു.

യുവജനങ്ങൾക്കും കുട്ടികൾക്കും പൂർണ്ണമായി വിട്ടുകൊടുത്ത് യൂത്ത് സെന്ററാക്കി മാറ്റാൻ പറ്റുന്ന വലിയ ബേസ്മന്റാണ് ഈ കെട്ടിടത്തിനുള്ളത്. സായാഹ്നങ്ങളിൽ ഉണർവ്വിനും ഉന്മേഷത്തിനും സഹായിക്കുന്ന ബാസ്കറ്റ് ബോൾ, ടെന്നീസ് മുതലായവ സജ്ജീകരിക്കുവാൻ പറ്റിയ ഉയരവും വലിപ്പവും ബേസ്മന്റിനുണ്ട്. ഈ കെട്ടിടത്തിന് സ്വന്തമായ 88 പാർക്കിംഗ് കൂടാതെ അടുത്തുള്ള വഴിയരുകുകളിൽ ധാരാളം പാർക്കിംഗ് ഉണ്ട്.

സ്വന്തമായി പള്ളികൾ സ്ഥാപിച്ച് കുട്ടികളെ ആദ്ധ്യാത്മികമായും ഭൗതികമായും വളർത്തിയെടുക്കുവാൻ ഇനി ഒട്ടും വൈകിക്കൂടാ എന്ന തിരിച്ചറിവാണ് പല മാതാപിതാക്കളെയും ഈ പദ്ധതിയുമായി സഹകരിക്കുവാൻ നിർബന്ധിതരാക്കുന്നത്. അതുകൊണ്ടു തന്നെ ഈ പ്രോജക്ടിൽ ഏതാനം ഗുണങ്ങൾ പലരും ദർശിക്കുന്നു: ഈ സ്കൂൾ വർഷത്തിൽ തന്നെ പുതിയ പള്ളി സ്വന്തമാകുവാനുള്ള സാധ്യത, ഭൂരിഭാഗം ക്നാനായക്കാരും അധിവസിക്കുന്നതിനു മദ്ധ്യത്തിലായി ദൈവാലയം, റിട്ടയർമന്റ് ആരംഭിച്ചവർക്കും മറ്റുള്ളവർക്കും പ്രയോജനപ്പെടുന്ന അനുദിന ദിവ്യബലി, നാട്ടിലെ ചുരുക്കം ചില പള്ളികളിൽ ഉള്ളതുപോലെ അനുദിനം വൈകുന്നേരങ്ങ ളിൽ ഒത്തുചേരുവാനുള്ള സാധ്യത, ഒരേ സമയം ഇംഗ്ലീഷിലും മലയാളത്തിലും കുർബ്ബാന അർപ്പിക്കു വാൻ വേണ്ട സൗകര്യം എന്നിവ ഈ പദ്ധതിയുടെ സവിശേഷതയാണ്.

കഴിഞ്ഞ മൂന്നു വർഷക്കാലത്തെ ആഗ്രഹത്തിന്റെയും പ്രാർത്ഥനയുടെയും പരിശ്രമത്തിന്റെയും ഫലമാണ്, പരിഹരിക്കാവുന്ന പരിമിതികൾ ഉണ്ടെങ്കിലും, മറ്റെല്ലാ സൌകര്യങ്ങളും ഒത്തിണങ്ങിയ ഈ പദ്ധതി. പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും, സാമ്പത്തിക സഹായത്തിലൂടെയും ഈ പദ്ധതിയെ വളർത്തിയെടുത്ത് ഷിക്കാഗോയിലെ ക്നാനായക്കാരുടെ രണ്ടാമത്തെ ദൈവാലയമായി മാറ്റിയെടുക്കുവാൻ ഏവരും ഒരുമയോടെ പ്രവർത്തിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

## Wedding Banns

© J. S. Paluch Co., Inc.

Alan P. James son of James and Pennamma from Kottamkombel family with Soumya George daughter of George and Marykutty from Kulathilkarottu, both from this parish. Wedding on July 4, 2009. 3/3

Shijimon Jacob son of Jacob and Annamma from Inchanattu family (Muttom) living in Houston with Nisha Elizabeth Baby daughter of Late Baby Padinjath and Little Flower from Vachachira family living in Chicago. Wedding will be on August 2, 2009. 1/3

(Continued from page 3)

വാഗ്ദാനം ചെയ്യുന്നുമുണ്ട്.

പിള്ളയ്ക്കു ജന്മം നല്കുമ്പോൾ തള്ളയ്ക്കു ക്ഷീണമുണ്ടാകുമെന്നു ഭയപ്പെടേണ്ട. ക്രമേണ തള്ളയുടെ പ്രസവകാല ക്ഷീണവും പിള്ളയുടെ ബാലാരിഷ്ടതകളും മാറി ഇരുവരും ആരോഗ്യവും സൗന്ദര്യവുമുള്ളവരാകും.

മേവുഡ് പള്ളിക്കാരെയും വികാരിയേയും വേദനിപ്പിച്ചവരെ എന്തിനു വളർത്തുന്നു എന്നു ചോദിക്കുന്നവരുണ്ട്. അവരുടെ നന്മമാത്രമേ ക്രൈസ്തവരെന്ന നിലയിൽ മേവുഡ് പള്ളിയിൽ സഹകരിക്കുന്നവർ ആഗ്രഹിക്കാവൂ. അല്ലെങ്കിൽ അതു വലിയ പാപമാണ്. നമ്മുടെ സമുദായ സുസ്ഥിതിയ്ക്ക് എല്ലാവർക്കും പള്ളിയുണ്ടായി സഭാപരമായി വളർന്ന് നിത്യ രക്ഷ പ്രാപിക്കുവാനാണ് നാം പ്രാർത്ഥിക്കുന്നതും പരിശ്രമിക്കുന്നതും. വർഷങ്ങളായി രണ്ടാമത്തെ പള്ളിയ്ക്കുവേണ്ടി നാം പ്രാർത്ഥിച്ചു വരികയായിരുന്നല്ലോ. അതിനാൽ വ്യക്തിവൈരാഗ്യമോ, കുടുംബ കലഹങ്ങളോ, സാമുദായിക രാഷ്ട്രീയമോ നമ്മുടെ അജപാലന വളർച്ചയെ തളർത്തും വിധം വിഷം കുത്തിവയ്ക്കുവാൻ നാം അനുവദിക്കരുത്. അത്തരം സ്വാധീനമുള്ളവർ നമ്മുടെ നിഷ്കളങ്കതയേയും പാവനമായ ദൈവാലയാന്തരീക്ഷത്തെയും മലീമസമാക്കാതെ കാക്കുകയും അവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുകയും വേണം. ഇടവകയുടെ ഐക്യവും ഇടവകകൾ തമ്മിലുള്ള ഐക്യവും വഴി ഷിക്കാഗോയിലെ സമുദായം ഒരുമയോടെ നിലനില്ക്കുമെന്നതിൽ സംശയം വേണ്ടാ.

ഒത്തിരി സ്നേഹത്തോടെ,

ഫാ. ഏബ്രഹാം മുത്തോലത്ത്

# A TRIP TO CHICAGO MERCY HOME.

On February 7th, the High School students from SACRED HEART KNANAYA CATHOLIC CHURCH, MAYWOOD joined together at Mercy Home, a Catholic organization for boys in Chicago since 1887. The week before Christmas, Mrs. Beena Indikuzhy, one of our lead Catechists, brought up the idea of donating and visiting the unfortunate children. We as the High School students were encouraged to participate in providing basic necessities. Within a short notice, all students managed to contribute toys, candies, books, socks, shoes, and other needs such as toothpastes and shampoos. Originally, the plan was to go on Christmas Eve, but they were closed for publics, so we had to reschedule to Saturday, February 7th.

The Mercy Home can hold approximately 143 children and currently has 134 children. The children come from various ethnic backgrounds and from all types of families. They range from ages eleven to twenty-one. Some children come to the home because they do not receive enough attention due to their large families. Other children are admitted into the home because their parents cannot support them. Also, if the parents are in jail or are doing drugs, their children may come to the home. The kids come from homes without formal structure and discipline, so the home tries to provide that for them. The host explained that when the children make the wrong choices, they are punished by loosing their favorite privileges such as participating in the basketball games on Saturdays. To be accepted into this home, the children must withdraw from the gangs in which they belong and must be clean of all drugs and alcohol. The home provides therapy to children if it is needed. Many children are usually two to five grade levels behind in education, so the home provides tutors to help advance them to the level they should be in. Children are always welcome to the home, but they also have the decision to walk out any time they want if they don't want to follow the rules and regulations of the Home.

First, we, the high school students, met at Maywood church. Then, Mrs. Beena Indikuzhy one of our Catechist, Mr. Tomy Kunnasseril our DRE and Mr. Binoy Machanickal our assistant DRE took us to the Mercy Home and chaperoned. We brought our gifts with us, put them in the office, and met in a big room where the host gave us the background information about the home and helped us gain a better understanding of what it is like to be a part of Mercy Home. Afterwards, we were given a tour of the home. We saw the common area, dinner table, and kitchen. However, we weren't able to see the bedrooms because some children were still sleeping. Each common area can accommodate ten to twelve children. Next, we visited a small chapel right outside of the home where the children can reflect. We quickly stopped by at the basketball tournament where all the children were. As the trip came to an end, the students were resistant to leave.

"Now it's my turn to help somebody," said a former orphan from Mercy Home who is now a successful chef. Our Sacred Heart church should do the same. After this successful trip, the High School students decided to return to Mercy Home and participate in more future charity works. From this the High School students came to realize how fortunate we all were. We should all be thankful for what we have and help those that need our help. We think it's each and every one of our duties as Knanayas to create a good reputation and be a good model to the community representing ourselves instead of fighting each other for positions and popularity.

We should at least feed those who are in need of food and we should cloth those who are naked.

*By Sheryl Pulimalayil & Simmy Chemmachel*

Father's Day Blessing at Maywood by Fr. Tomy Vattukulam.





Group Photo after Father's Day blessing at O.L.V. Church



## EUCHARISTIC RETREAT AND HEALING SERVICE FOR YOUTH

We will have a Youth Retreat at our Parish Church in Maywood.
Time: August 6th and 7th, 2009 (Thursday and Friday) from 9:00 A.M. to 7:00 P.M. and 8th Saturday 9:00 A.M. to 1:00 P.M.
Expected Participants: All our young people who are of age 13 and above.

The Resource Persons: **THY KINGDOM COME** (MATHEW 6:10) **TEAM.**
Fr. Roison Menickal OFM Cap., Bro. Jose Zacharia, Leelu Jose, Bro. Sajan Joachim, Biju Malayattoor, Roni & Rani Isaac.

Parish Coordinators: Lizy Alex Mullappally, Sherly Mathew Thottumkal, Johny Thekkeparambil, Beena Indikuzhy, Femia Puthenpurayil, Sabu Madathiparambil, Saji Poothrukayil, Saly Kizhakkekuttu.

# Contribute for our Second Church

The fundraising committee for our proposed St. Mary's Church at Arlington Heights will be contacting you for your generous contribution. Please support this project with your donation for down payment and monthly contribution. Checks shall be written in favor of St. Mary's Knanaya Catholic Parish Unit. Your donation is tax deductible.



| READERS / LECTORS | | ശ്ലീഹാക്കാലം | |
|---|---|---|---|
| July 5 | PASSAGE | SACRED HEART CHURCH | ST. MARY'S UNIT |
| 1st Reading | Wisdom 4:10-18 | Sabu Madathilparambil | Stanley Palliveettil |
| 2nd Reading | Ephesians 2:19-22 | Thomman Philip Puthenpurayil | Melvin Vettathukandathil |
| Gospel | John 20:24-29 | *"Your are my Lord and my God."* | |
| July 12 | PASSAGE | SACRED HEART CHURCH | ST. MARY'S UNIT |
| 1st Reading | Amos 7:12-15 | Annamma Pulimalayil | Cheryl Tharathattel |
| 2nd Reading | Ephesians 1:3-14 | Suja Tharathattel | Akhil Kunnathkizhakkethil |
| Gospel | Mark 6:7-13 | *Jesus summoned the Twelve and began to send them out two by two.* | |

## കൂടാരയോഗ വാർഷിക ക്യാമ്പിംഗ്

## ആഗസ്റ്റ് 21, 22, 23, 2009

Location: **Sunset Lakes Resort,** 2700-290th Street N, Hillsdale , IL 61257

For registration contact: Mr. Sunny Indikuzhi or Manoj Illimoottil with $100 advance.

**Cost:- $50 per Person and $250 max per family.** This include Tent cost & the food during these 3 days.

**Only limited tents are allowed.**

**Amenities include** Tennis, Volleyball, Mini Golf, Basketball, Fishing, Paddle Boats, Canoes, Playground, Outdoor Pool with Lifeguard, Workout Room., and Rock River Access w/boat ramp.




## PLEDGE DRIVE FOR ARLINGTON HEIGHTS PROJECT

All are invited to join the monthly donation pledge drive for the proposed St. Mary's Knanaya Catholic Church at Arlington Heights. It will take place at OLV Church after the feast celebration of St. Thomas, the Apostle. Bishop of Miao His Excellency Rt. Rev. Dr. George Pallipparambil will accept the pledge forms and bless on the donors. Please support this good project.




## PLEDGE FOR WEEKLY DONATION

**Please sign up for weekly contribution of your family for our youth center. This is inclusive of your annual contribution and building fund donation.**

**$10/ $15 / $20 / or any $$.**
**Please use envelope with your name and family name for our records.**
**Your donation is tax deductible.**







Please support our advertisers who make this bulletin possible.




YOU INVITE THE GUESTS, WE DO THE REST

**Malabar**
Catering &Carry-out

**Professional with 11 years experience in catering.**
Call
**WILLIAM GEORGE**
911 Greenwood Road,
Glenview, IL 60025
Tel: 847-998-5635
Cell 773-842-5179
E-mail:
malabarcat@yahoo.com

**For All Your Tax Services**

**Free Electronic Filing & Fast Refund**
**Sabu Madathiparambil**
**Cell: 847-276-7354**
**Off: 847-655-7472**
**1600 W. Dempster St., Suite 205**
(Opp. to Lutheran General Hospital)
**Park Ridge, IL 60068**
**sabuaphilip@hotmail.com**

**Loan Consultant**

PMSI

**Cell: 847-276-7354**
**Sabu Madathiparambil**
**Professional Mortgage Solutions Inc.**
**sabuaphilip@hotmail.com**
**Home: 847-918-0242**
Illinois Residential Mortgage Licensee
Equal Housing Lender





**Gaanam Videos & Photos**
**Edukkutharayil**

**Professional Touch with Latest Technology.**



***ANIL***
***Cell: 630-202-5969***
***Res: 847-827-7827***



*Your Rehab Specialists*

**Pro-Rehab Services, P.C.**
&
Choicecare Home Health, Inc.



CHOICE CARE Home Health Inc.

Palos Heights and Tinley Park
(708) 489 6PRS or (708) 489-0123
www.pro-rehabservices.com
www.choicecarehh.com

Best Compliments from the Mutholath Family

